41) ശ്രീ. വി.പി. രാമകൃഷ്ണപിള്ള
42) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
43) ശ്രീ. പി.ആർ. കുറുപ്പ്
44) ശ്രീ. യു.എസ്. ശശി
45) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
46) ശ്രീ. സെബാസ്റ്റ്യൻ പോൾ
47) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
48) ശ്രീ. ടി. ശിവദാസമേനോൻ
49) ശ്രീ. ജി. സുധാകരൻ
50) ശ്രീ. പി.എസ്. സുപാൽ
51) ശ്രീ. എം.എ. തോമസ്
52) ശ്രീ. എം.പി. വർഗ്ഗീസ്
53) ശ്രീ. വർഗ്ഗീസ് വൈദ്യർ
54) ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ:-

ശ്രീ. പി.പി. തങ്കച്ചൻ അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷനെ

അനുകൂലിക്കുന്നവർ - 40

പ്രതികൂലിക്കുന്നവർ - 54

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

ശ്രീ. പി.പി. തങ്കച്ചൻ അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ . .. പ്രതികൂലിക്കുന്നവർ. ..... ഉപക്ഷേപം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

ബി.എ.സി. തീരുമാനിച്ചത് അനുസരിച്ച് ബിസിനസ് കഴിഞ്ഞിട്ടില്ല. പക്ഷേ സമയം ആയിട്ടുണ്ട്. ഒന്നര മുതൽ രണ്ടര മണിവരെയാണ് ഇന്റർവെൽ എന്നാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ സ്റ്റാറ്റ്യൂട്ടറി റെസൊല്യൂഷൻ കൂടി അവതരിപ്പിച്ചിട്ട് പിരിയാം.

## X. സ്റ്റാറ്റ്യൂട്ടറി പ്രമേയം

### ഭരണഘടനയുടെ 368-ാം വകുപ്പു പ്രകാരമുള്ള പ്രമേയം

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖൻ നായർ) : സർ, താഴെപ്പറയുന്ന സ്റ്റാറ്റ്യൂട്ടറി പ്രമേയം അവതരിപ്പിക്കുന്നു.

"That this House ratifies the amendment to the Constitution of India falling within the purview of clause (d) of the proviso to clause (2) of Article 368, proposed to be made by the Constitution (Eighty-fourth Amendment) Bill, 1999, as passed by the two Houses of Parliament''.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പൊതുധാരണയനുസരിച്ച് ചർച്ച ഇല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. സഭ ഇപ്പോൾ പിരിഞ്ഞിട്ട് 2.30-ന് വീണ്ടും സമ്മേളിക്കാം

(സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിയുകയും 2.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

# XI. നിയമനിർമ്മാണകാര്യം

## 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ

2.30 PM ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.†

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. ഇനി അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ : എല്ലാ മന്ത്രിമാർക്കും അവരവരുടെ വകുപ്പുകളിൽ ധനം വിനിയോഗിക്കുന്നതിനുവേണ്ടിയുള്ളതാണിത്. ഇവിടെ മറ്റ് ആർക്കോ വേണ്ടി നടത്തുന്നതുപോലെയാണ്. ഇത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഈ പാവപ്പെട്ട ധനകാര്യമന്ത്രിയുടെ തലയിൽമാത്രം കൊണ്ടുവയ്ക്കുന്നത് ശരിയല്ല.

ശ്രീ. ടി.എം. ജേക്കബ് : സപ്ലിമെന്ററി ഡിമാന്റ് വന്ന അവസരത്തിൽ അന്ന് അങ്ങ് പറഞ്ഞതാണ്, ഡിമാന്റ് മൂവ് ചെയ്തുവെങ്കിലും അതിന്റെ അപ്രോപ്രിയേഷൻ പാസ്സായെങ്കിലേ ധനം വിനിയോഗിക്കാൻ ഒക്കുകയുള്ളൂ.

മി. സ്പീക്കർ : നമുക്ക് നോക്കാം.

ശ്രീ. ടി.എം. ജേക്കബ് : അങ്ങയുടെ റൂളിംഗ് ഉണ്ടായിട്ടും മന്ത്രിമാർ എത്തിയിട്ടില്ല.

മി. സ്പീക്കർ : ഇപ്പോൾ തുടങ്ങുന്നതല്ലേയുള്ളൂ, നമുക്ക് നോക്കാം. ഇനി ചർച്ചയാണ്. നമുക്ക് ചർച്ചയിലേയ്ക്ക് കടക്കാം. ആകെ 60 മിനിട്ടാണ്. അത് ഡൈവെർട്ട് ചെയ്തിരിക്കുകയാണ്. ചർച്ച ആരംഭിക്കാം.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly